**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **23-01-2025 - ൽ മറുപടിയ്ക്ക്**

**KHRWS**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റിയിൽ (KHRWS) ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങളും സേവനവേതന വ്യവസ്ഥകളും എപ്രകാരമാണെന്ന് വ്യക്തമാക്കുമോ: ; | (എ) | കെ.എച്ച്.ആർ.ഡബ്ല്യു.എസ് -സേവന നിയമങ്ങൾ പ്രകാരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(i) പി.എസ്.സി മുഖേനയോ അല്ലെങ്കിൽ കാലാകാലങ്ങളിൽ സർക്കാർ നല്കുന്ന നിർദ്ദേശ പ്രകാരം.<br><br>(ii) പത്രപരസ്യത്തിലൂടെ അപേക്ഷകൾ സ്വീകരിച്ചോ അല്ലെങ്കിൽ ഗവേണിംഗ് ബോഡി അംഗീകരിച്ച മറ്റു മാർഗ്ഗങ്ങൾ സ്വീകരിച്ചോ നേരിട്ടുള്ള നിയമനം.<br><br>(iii) കേന്ദ്ര – സംസ്ഥാന സർക്കാർ വകുപ്പുകളിലെയോ മറ്റ് നിയമാനുസൃത സ്ഥാപനങ്ങളിലെയോ ജീവനക്കാരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ<br><br>കെ.എച്ച്.ആർ.ഡബ്ല്യു.എസ് -ജീവനക്കാർക്കുള്ള വേതനം കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നൽകി വരുന്നു. 22/04/2000 ലെ ജി.ഒ. (എം.എസ്) 98/2000/H&FWD ന്റെ അടിസ്ഥാനത്തിൽ സേവന വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | KHRWS ൽ നിരവധി വർഷങ്ങളായി കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | KHRWS – ൽ 01.04.2001-ന് ശേഷം കരാർ/ദിവസ വേതന ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | KHRWS ൽ ആശ്രിത നിയമനം നടത്തുമ്പോൾ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 10 കരാർ/ ദിവസ വേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന രീതി പിന്തുടരുന്നുണ്ടോ; എങ്കിൽ 2019 മുതൽ നാളിതുവരെ ആശ്രിത നിയമനത്തിന് ആനുപാതികമായി എത്ര ജീവനക്കാർക്ക് ഇപ്രകാരം സ്ഥിരനിയമനം നൽകിയെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം നിയമനം നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | KHRWS ൽ ആശ്രിത നിയമനത്തിന് ആനുപാതികമായി കരാർ/ദിവസ വേതന ജീവനക്കാർക്ക് സ്ഥിര നിയമനം നൽകുന്ന രീതി നിലവിലില്ല. |
| (ഡി) | KHRWS ജീവനക്കാർക്ക് ആർജിത അവധി, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;? | (ഡി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് -സേവന നിയമങ്ങൾ പ്രകാരം നിയമിതരായ ജീവനക്കാർക്ക് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് -സേവന നിയമങ്ങൾ പ്രകാരമുള്ള ആർജ്ജിതാവധി, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.<br>കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് -സേവന നിയമങ്ങൾ പ്രകാരം 11 പ്രവൃത്തി ദിവസത്തിന് 1 ആർജ്ജിതാവധി എന്ന നിരക്കിൽ ജീവനക്കാരുടെ അക്കൗണ്ടിൽ ചേർത്തു വയ്ക്കാവുന്ന ആർജ്ജിതാവധികളുടെ എണ്ണം 180 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം വിരമിക്കുന്ന വേളയിൽ ജീവനക്കാരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന ആർജ്ജിതാവധി ടെർമിനൽ സറണ്ടറായി അനുവദിച്ചു വരുന്നു.<br>കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് -സേവന നിയമ പ്രകാരം ജീവനക്കാരുടെ അവസാന 12 മാസത്തെ ശരാശരി വേതനം കണക്കാക്കി പരമാവധി 20 മാസത്തെ ശമ്പളം ഗ്രാറ്റുവിറ്റി ഇനത്തിൽ അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ